**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4563** | **10-08-2021 - ൽ മറുപടിയ്ക്ക്**

**ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | (എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. നാഷണൽ ട്രസ്റ്റ് നിയമത്തിലുൾപ്പെട്ട ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക വെല്ലുവിളി, ബഹു വൈകല്യം എന്നിവ ബാധിച്ചവർക്കായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് നിരാമയ ഇൻഷ്വറൻസ് പദ്ധതി. ഒരു ലക്ഷം രൂപ വരെ വാർഷിക ചികിത്സാ ചെലവ് ലഭ്യമാകുന്ന പ്രസ്തുത പദ്ധതിയിൽ ചേരുന്നതിനും വർഷാ വർഷം പുതുക്കുന്നതിനും ഭിന്നശേഷിക്കാർ പ്രീമിയം തുക അടക്കേണ്ടതുണ്ട്. പുതുതായി ചേരുന്നതിന് (എ.പി.എൽ – 500, ബി.പി.എൽ – 250), വർഷം തോറും പുതുക്കുന്നതിന് (എ.പി.എൽ – 250, ബി.പി.എൽ – 50). പ്രസ്തുത തുക പൂർണമായും സംസ്ഥാന സർക്കാർ അടച്ച് ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്നു. കേരള സാമൂഹ്യസുരക്ഷാ മിഷന്റെ കീഴിൽ 'ആശ്വാസകിരണം' പദ്ധതിയിലൂടെ തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ വീതം നൽകി വരുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രയോജനകരമാകും വിധം വിവിധ തെറാപ്പികൾ സൗജന്യമായി നൽകുന്നതിനായി കേരള സാമൂഹ്യസുരക്ഷാ മിഷൻ അനുയാത്ര എന്ന |

| | | | |
|---|---|---|---|
| | | | പേരിൽ ഒരു സമഗ്ര പരിപാടി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു. 1. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ 2. ഓട്ടിസം സെന്ററുകൾ 3. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ 4. റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ 5. ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കുടുംബങ്ങൾക്ക് വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പകൾ അനുവദിച്ച് വരുന്നു. 14 വയസ്സ് കഴിഞ്ഞതും 40 ശതമാനത്തിലധികം ഭിന്നശേഷിത്വവും ഉള്ള കുട്ടികളുടെ രക്ഷകർത്താക്കൾക്കാണ് വായ്പ അനുവദിക്കുന്നത്. വസ്തു ഈടിന്മേലോ ശമ്പള സർട്ടിഫിക്കറ്റ് ഈടിന്മേലോ ആണ് വായ്പ അനുവദിച്ച് വരുന്നത്. സാധാരണായി 5 ലക്ഷം വരെ 6 ശതമാനവും 15 ലക്ഷം വരെ 7 ശതമാനവും 30 ലക്ഷം വരെ 8 ശതമാനവും 50 ലക്ഷം വരെ 9 ശതമാനവും ആണ് പലിശ ഇനത്തിൽ ഈടാക്കുന്നത്. |
| (ബി) | ഈ കുട്ടികളുടെ കുടുംബ റേഷൻകാർഡിൽ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ 1000 സ്ക്വയർഫീറ്റ് വീടിന്റെയും നാല് ചക്രവാഹനത്തിന്റെയും പരിധി കാരണം നഷ്ടപ്പെടാതിരിക്കാൻ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ; | (ബി) | ഭിന്നശേഷി അവകാശ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്ന കാര്യത്തിൽ നാല് ചക്ര വാഹനമോ, 1000 ചതുരശ്ര അടി തറ വിസ്തീർണമുള്ള വീടോ ഉള്ളവർക്ക് ആനുകൂല്യമില്ല എന്ന നിലവിലെ വ്യവസ്ഥകൾ പുനഃപരിശോധിച്ചു തീരുമാനിക്കുന്നതിനുള്ള പ്രത്യേക ശുപാർശകൾ ഭിന്നശേഷി കമ്മീഷണർ ഭക്ഷ്യ-സിവിൽ സപ്ലൈസ് സെക്രട്ടറിയക്ക് നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (സി) | കോവിഡ് കാലമായത് കൊണ്ട് മെഡിക്കൽ ബോർഡ് കൂടാത്തതിനാൽ ഈ കുട്ടികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് കിട്ടുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തുമോ; | (സി) | മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി മാത്രം നൽകുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി www.swavlambancard.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (ഡി) | കോവിഡ്- 19 വ്യാപന പശ്ചാത്തലത്തിൽ ആശ്വാസ കിരണം പദ്ധതിയുടെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട അവസാന തീയതി നീട്ടി നൽകുന്നത് പരിഗണിക്കുമോ? | (ഡി) | കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ ആശ്വാസ കിരണം പദ്ധതിയുടെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട അവസാന തീയതി 30.09.2021 വരെ നീട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ